നം.ഡി6/73441/2012/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി 14-11-2012

# സർക്കുലർ

വിഷയം - പൊതു വിദ്യാഭ്യാസം-ഡി.പി.സി. (ഹയർ/ലോവർ) - 2013 കൂടുന്നതിലേയ്ക്ക്- കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുന്നത്- സംബന്ധിച്ച്.

സൂചന - 1. 14/03/07-ാം തീയതിയിലെ സർക്കാർ സർക്കുലർ നം.11919/ആർ.1/06/പി &എ. ആർ. ഡി. തിരുവനന്തപുരം

2. 02/11/2011-ാം തീയതിയിലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലർ നം.ഡി.6/67315/ഡി.പി.ഐ

**************

2013 വർഷത്തിലുണ്ടാകുന്ന ഹൈസ്ക്കൂൾ/ ട്രെയിനിംഗ് സ്ക്കൂൾ പ്രധാനാദ്ധ്യാപകർ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുതൽ അഡീഷണൽ വിദ്യാഭ്യാസ ഡയറക്ടർ വരെയുള്ള ടീച്ചിംഗ് വിഭാഗം തസ്തികകളിലേക്കും, സീനിയർ സുപ്രണ്ട്/ സൂപ്പർവൈസർ (എൻ.എം) മുതൽ ടെക്സ്റ്റ് ബുക്ക് ഓഫീസർ വരെയുള്ള മിനിസ്റ്റീരിയൽ വിഭാഗം തസ്തികകളിലേക്കും ഉദ്യോഗക്കയറ്റം നൽകുന്നതിനായി ഡി.പി.സി കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കേണ്ടതുണ്ട്. ഇതിലേക്കായി ഹെഡ് ക്ലാർക്ക് മുതൽ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് വരെയുള്ള മിനിസ്റ്റീരിയൽ ജീവനക്കാരുടെയും എച്ച്.എസ്.എ മുതൽ ജോയിന്റ് ഡയറക്ടർ വരെയുള്ള ടീച്ചിംഗ് വിഭാഗം ജീവനക്കാരുടേയും 31-12-2012 വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ 'സ്വയം വിലയിരുത്തൽ' റിപ്പോർട്ട് സഹിതം പൊതു വിദ്യാഭ്യാസ ഡയറക്ടർ ആഫീസിൽ 15/01/2013 - നു മുമ്പായി ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ മുഖാന്തിരം സമർപ്പിക്കേണ്ടതാണ്. കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ അയക്കുന്ന അവസരത്തിൽ ചുവടെ പരാമർശിക്കുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം.

1. സി.ആർ റിപ്പോർട്ട് ചെയ്യുന്ന ഉദ്യോഗസ്ഥനും/ റിവ്യൂ ചെയ്യുന്ന ഉദ്യോഗസ്ഥനും സൂചന (2)- ൽ പരാമർശിച്ചിരിക്കുന്ന സർക്കുലറിനു വിധേയമായിട്ടായിരിക്കണം സി.ആർ നൽകേണ്ടത്. (സർക്കുലർ **www.education.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്) പ്രസ്തുത സർക്കുലറിൽ നിന്നും വ്യത്യസ്തമായി സമർപ്പിക്കുന്ന സി.ആറുകൾ ഡി.പി.സിയിൽ പരിഗണിക്കുന്നതല്ല.
2. കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഉദ്യോഗസ്ഥന് നൽകി കയ്യൊപ്പ് വാങ്ങിയതിനുശേഷം മാത്രമേ വിദ്യാഭ്യാസ ഡയറക്ടർക്കു അയക്കുവാൻ പാടുള്ളു. ശരിയായ രീതിയിൽ തയ്യാറാക്കാത്തതും റിപ്പോർട്ടിംഗ് / റിവ്യൂവിംഗ് നടത്താത്തതുമായ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ പരിഗണിക്കുന്നതല്ല.

3. കോൺഫിഡൻഷ്യൽ റിപ്പോർട്ട്, റിപ്പോർട്ട് ചെയ്യുന്ന ഉദ്യോഗസ്ഥനും /റിവ്യു ചെയ്യുന്ന ഉദ്യോഗസ്ഥനും അവരുടെ പേരും ഔദ്യോഗിക പദവി, ആഫീസ് സീൽ, തീയതി എന്നിവ വ്യക്തമായി രേഖപ്പടുത്തിയിരിക്കണം.

4. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ അവരുടെ ഓഫീസിൽ ലഭിക്കുന്ന കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഒരു പ്രത്യേക രജിസ്റ്ററിൽ ലഭിച്ച തീയതി, വിദ്യാഭ്യാസ ഡയറക്ടർക്കയച്ച തീയതി എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.

5. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ ജില്ലയിൽ പെൻഷൻപറ്റി പിരിയുന്ന ഹെഡ്മാസ്റ്റർ/ഉപജില്ല വിദ്യാഭ്യാസ ആഫീസർമാരുടെ (സർക്കാർ ഏറ്റെടുത്ത പഞ്ചായത്ത് സ്കൂളുകൾ ഉൾപ്പെടെ) ലിസ്റ്റ് സഹിതം ഹാജരാക്കേണ്ടതാണ്.

6. പ്രെമോഷൻ ലഭിക്കാൻ വേണ്ട എല്ലാ ഡിപ്പാർട്ട്മെന്റ് ടെസ്റ്റുകളും പാസായതിന്റെ വിശദാംശങ്ങൾ സി. ആറിന്റെ 1-ാം പേജിൽ വ്യക്തമായി രേഖപ്പെടുത്തണം.

7. പ്രെമോഷൻ ലഭിക്കാൻ ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് പാസാകുന്നതിൽ നിന്നും താൽക്കാലികമായി ഒഴിവാക്കിയിട്ടുള്ളവരും എസ്സ്.സി/എസ്സ്. റ്റി വിഭാഗത്തിൽപ്പെട്ടവരും ആ വിവരം കോൺഫിഡൻഷ്യൽ റിപ്പോർട്ടിന്റെ ഒന്നാം പേജിൽ യോഗ്യതകൾ രേഖപ്പെടുത്തേണ്ട ഭാഗത്ത് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം (പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന പ്രൊഫോർമകൾ (I & II) കൂടി പൂരിപ്പിച്ച് സി. ആറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്).

8. സീനിയോറിറ്റി നമ്പർ, വർഷം നിലവിലുള്ള തസ്തികയിൽ പ്രൊബേഷൻ ഡിക്ലർ ചെയ്ത ഉത്തരവ് നമ്പർ, തീയതി, എന്നിവ കോൺഫിഡൻഷ്യൽ റിപ്പോർട്ടിന്റെ ഒന്നാം പേജിൽ മുകൾഭാഗത്ത് ചുവന്ന മഷിയിൽ രേഖപ്പെടുത്തണം.

9. നിർദ്ദിഷ്ട ഫോറത്തിൽ (ഗസറ്റഡ് ആഫീസർമാർ ഫാറം 11 ബി നോൺ ഗസറ്റഡ് ആഫീസർമാർ ഫാറം 11 എ) തന്നെ ആയിരിക്കണം കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ അയക്കേണ്ടത്.

10. ഒരു കലണ്ടർ വർഷത്തേക്ക് ഒരു കോൺഫിഡൻഷ്യൽ റിപ്പോർട്ട് എന്ന ക്രമത്തിലോ റിപ്പോർട്ട് എഴുതുന്നതും എഴുതപ്പെടുന്നതുമായ ഉദ്യോഗസ്ഥർക്ക് സ്ഥലം മാറ്റം ഉണ്ടാകുമ്പോഴോ കോൺഫിഡൻഷ്യൽ റിപ്പോർട്ട് എഴുതി സമർപ്പിക്കേണ്ടതാണ്.

11. ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റം, റിപ്പോർട്ടിംഗ്/റിവ്യൂവിംഗ് ഓഫീസർമാരുടെ പെൻഷൻ തുടങ്ങിയ അവസരങ്ങളിൽ ജോലി ചെയ്തിരുന്ന കാലത്തെ (45 ദിവസത്തിൽ കൂടുതൽ ജോലി ചെയ്തിട്ടുണ്ടെങ്കിൽ) കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ തയ്യാറാക്കി വിദ്യാഭ്യാസ ഡയറക്ടറുടെ ആഫീസിൽ എത്തിച്ച് തരേണ്ടതാണ്.

12. ദീർഘകാലം അവധിയിൽ ആയിരിക്കുന്ന ഉദ്യോഗസ്ഥർക്ക് അവധിയിൽ ആയിരിക്കുന്ന കാലത്തേക്ക് റിപ്പോർട്ടിങ്ങ് ഓഫീസർമാർ സി.ആർ നൽകാൻ

പാടില്ല. ദീർഘകാല അവധി കഴിഞ്ഞ് ജോലിയിൽ പ്രവേശിച്ചതിനുശേഷം ഒരു വർഷത്തെ സി.ആർ എങ്കിലും ഉണ്ടെങ്കിൽ മാത്രമേ അങ്ങനെയുള്ള ഉദ്യോഗസ്ഥരെ ഡി.പി.സി യിൽ പരിഗണിക്കുകയുള്ളു

13. എച്ച്. എസ്സ്. എ മാരെ സംബന്ധിച്ചിടത്തോളം 12 വർഷത്തെ ഗ്രാജുവേറ്റ് സർവ്വീസ് പ്രൊമോഷന് നിർബന്ധമായും ഉണ്ടായിരിക്കണം. ഇല്ലാത്തപക്ഷം പ്രസ്തുത വിവരം രേഖപ്പെടുത്തിയിരിക്കണം. പ്രസ്തുത വിവരം രേഖപ്പെടുത്താത്ത എച്ച്. എം മാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

14. മുൻ ഡി.പി.സി പ്രകാരം സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ട് പ്രൊമോഷൻ ലഭിക്കാത്തവരുൾപ്പെടെ എല്ലാ ഉദ്യോഗസ്ഥരും 31-12-2012 വരെയുള്ള സി. ആർ സമർപ്പിച്ചിരിക്കണം.

ഓരോ വിഭാഗത്തിലും 2013 ലെ ഡി.പി.സി യ്ക്ക് പരിഗണനയ്ക്കായി സമർപ്പിക്കാൻ ഉദ്ദേശിക്കുന്ന ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ചുവടെ പരാമർശിക്കുന്ന ഉദ്യോഗസ്ഥരുടെ 3 വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ (01/01/2010 മുതൽ 31/12/2012 വരെ) പ്രൊമോഷനു വേണ്ടി നിശ്ചയമായും ഡയറക്ട്രേറ്റിൽ എത്തിച്ചിരിക്കേണ്ടതും ജീവനക്കാർ പ്രസ്തുത സി.ആറുകൾ ഡയറക്ട്രേറ്റിൽ എത്തിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## ടീച്ചിംഗ് വിഭാഗം

### എച്ച് എം/ എ.ഇ.ഒ

ഡയറക്ട്രേറ്റിലെ എസ്.വൈ(1) 62348/2008/ഡി.പി.ഐ, തീയതി 02-02-2011 പ്രകാരം 1991-96 വർഷത്തെ എച്ച്.എസ്സ്.എ മാരുടെ സീനിയോറിറ്റി ലിസ്റ്റിൽ 600 നമ്പർ വരെ പേരുള്ളവരും പ്രസ്തുത സീനിയോറിറ്റി ലിസ്റ്റ് ഉൾപ്പെടെ മുൻകാല എച്ച്.എസ്സ്.എ സീനിയോറിറ്റി ലിസ്റ്റുകളിൽ പേരുണ്ടായിട്ടും സർവ്വീസിലുള്ളവരിൽ നാളിതുവരെ എച്ച്.എം/എ.ഇ.ഒ സെലക്ട് ലിസ്റ്റിൽ പേരുൾപ്പെടാത്തവരും പ്രൊമോഷൻ ലഭിക്കാത്തവരുമായ എച്ച്.എസ്സ്.എ.മാർ അവരുടെ 01/01/2010 മുതൽ 31/12/2012 വരെയുള്ള 3 വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടതാണ്. 2013 ലെ ഡി.പി.സിയിൽ പ്രൊമോഷനു ഇതുവരെ സെലക്റ്റ് ലിസ്റ്റിൽ പേരുൾപ്പെടാത്തവരുടെയും പ്രൊമോഷൻ ലഭിക്കാത്തവരുടെ മേൽ പ്രസ്താവിച്ച സീനിയോറിറ്റി ലിസ്റ്റുകൾ പ്രകാരമുള്ള പേരുകൾ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്. 31/12/2011 വരെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുള്ളവർ തുടർന്നുള്ള 1 വർഷത്തെ സി. ആർ (31/12/2012) വരെ സമർപ്പിച്ചാൽ മതിയാകും.

എച്ച്.എം (സർക്കാർ ഏറ്റെടുത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകൾ)ഡയറക്ട്രേറ്റിലെ 04-07-2012 ാം തീയതിയിലെ സീനിയോറിറ്റി ഉത്തരവ് നം. എസ്സ്.വൈ(1) 60801/2012/ഡി.പി.ഐ പ്രകാരം 50 -ാം നമ്പർ വരെ സെലക്റ്റ് ലിസ്റ്റിൽ പേരുൾപ്പെടാത്തവരുടെയും പ്രൊമോഷൻ ലഭിക്കാത്തവരുടെ പേരുകൾ 2013 ലെ ഡി.പി.സിയിൽ പരിഗണനക്കായി സമർപ്പിക്കുന്നതാണ്.

### ജില്ലാ വിദ്യാഭ്യാസ ഓഫീസർ

29-05-07 മുതൽ 30-05-08 വരെയുള്ള എച്ച്.എം/എ.ഇ.ഒ സീനിയോറിറ്റി ലിസ്റ്റിലുള്ളവരിൽ റാങ്ക് നമ്പർ 790/07-08 വരെയും (ഉത്തരവ് നമ്പർ ഡി4/81530/2010, തീയതി

29-11-2011) മുൻ സീനിയോറിറ്റി ലിസ്റ്റുകളിൽ പേരുണ്ടായിട്ടും. സർവ്വീസിലുള്ളവരിൽ ഇതുവരെ പ്രൊമോഷൻ ലഭിക്കാത്തവരുൾപ്പെടയുള്ള എല്ലാവരുടെയും പേരുകൾ പ്രൊമോഷനുവേണ്ടിയുള്ള സെലക്റ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി 2013-ലെ ഡി.പി.സി യിൽ. പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്

## വിദ്യാഭ്യാസ ഉപഡയറക്ടർ

ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ ഈ ഓഫീസിൽ നിന്നും അംഗീകരിച്ച സീനിയോറിറ്റി ഉത്തരവുകൾ പ്രകാരം 20-04-2010 മുതൽ 30-09-2011 വരെയും 01-10-2011 മുതൽ 31-10-2012 വരെയും (നമ്പർ ഡി3/71015/2011, തീയതി 31-10-2011, നം.ഡി3/67007/12, തീയതി 11/2012) സർവ്വീസിലുള്ളവരിൽ എല്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും പേരുകൾ പ്രൊമോഷനുവേണ്ടിയുള്ള സെലക്റ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി 2013-ലെ ഡി.പി.സി യിൽ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്.

## ജോയിന്റ് ഡയറക്ടർ/ജോയിന്റ് കമ്മീഷണർ

02-01-04 മുതൽ 30-10-2010 വരെയുള്ള വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ ഈ ഓഫീസിൽ നിന്നും അംഗീകരിച്ച സീനിയോറിറ്റി ഉത്തരവ് പ്രകാരം(നമ്പർ ഡി3/81568/2010/ഡി.പി.ഐ, തീയതി 15-11-2011). റാങ്ക് നം. 25/04-10 വരെയും സർവ്വീസിലുള്ളവരിൽ മുൻ റാങ്ക് നമ്പരിലുള്ളവരിൽ സെലക്റ്റ് ലിസ്റ്റിൽ വരാത്തവരുടെയും പ്രൊമോഷൻ ലഭിക്കാത്തവരുടെയും പേരുകൾ പ്രൊമോഷനുവേണ്ടിയുള്ള സെലക്റ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി 2013-ലെ ഡി.പി.സി യിൽ. പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്.

## അഡീഷണൽ ഡയറക്ടർ

ജോയിന്റ് ഡയറക്ടർ/ജോയിന്റ് കമ്മീഷണർ എന്നീ വിഭാഗത്തിൽ സർവ്വീസിലുള്ളവരിൽ ഇതുവരെ സെലക്ട് ലിസ്റ്റിൽ വരാത്തവരുടെയും പ്രൊമോഷൻ ലഭിക്കാത്തവരുടെയും പേരുകൾ 2013-ലെ ഡി.പി.സി യിൽ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്.

# മിനിസ്റ്റീരിയൽ വിഭാഗം

## സീനിയർ സൂപ്രണ്ട്

01-08-2008 മുതൽ 31-07-2010 വരെ ഉള്ള ജൂനിയർ സൂപ്രണ്ട്മാരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും (ഉത്തരവ് നമ്പർ എസ്.വൈ(2)39001/2010/ഡി.പി.ഐ, 27-09-2011) 177/08-10 വരെയും 01-08-2010 മുതൽ 31-03-2012 വരെയുള്ള ജൂനിയർ സൂപ്രണ്ടുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ (ഉത്തരവ് നമ്പർ എസ്.വൈ(2)32848/2012/ഡി.പി.ഐ, തീയതി 05-09-2012) 50/1012 പ്രസ്തുത സീനിയോറിറ്റി ലിസ്റ്റുകളിൽ നിന്നും മുൻ സീനിയോറിറ്റി ലിസ്റ്റുകളിൽ നിന്നും സർവ്വീസിൽ ഉള്ളവരിൽ ഇതുവരെ പ്രൊമോഷൻ ലഭിക്കാത്തവരുൾപ്പെടെയുള്ളവരുടെയും പേരുകൾ പ്രൊമോഷനുവേണ്ടിയുള്ള സെലക്റ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി 2013-ലെ ഡി.പി.സി യിൽ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്.

എ.എ/എ.ഒ/എപി.എഫ്.ഒ

സീനിയർ സൂപ്രണ്ട്മാരുടെ ഈ ഓഫീസിലെ ഉത്തരവ് നമ്പർ ഡി1/87275/ഡി.പി.ഐ, തീയതി 01-01-2011 പ്രകാരം അംഗീകരിച്ച സീനിയോറിറ്റി ലിസ്റ്റിലെ 450/2001-2010 വരെയുളളവരിൽ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടാത്തവരും പ്രൊമോഷൻ ലഭിക്കാത്ത എല്ലാവരുടെയും പേരുകൾ പ്രൊമോഷനുവേണ്ടിയുളള സെലക്റ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി 2013-ലെ ഡി.പി.സിയിൽ. പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്.

എ.ഒ.(പി.എഫ്)

എ.എ/എ.ഒ/എപി.എഫ്.ഒ മാരുടെ 31-05-2005 മുതൽ 30-04-2010 വരെയുളള ഈ ഓഫീസിലെ ഉത്തരവ് നമ്പർ ഡി1/45585/2010, തീയതി 29-11-11 പ്രകാരം അംഗീകരിച്ച സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട റാങ്ക് നമ്പർ 82/2005-2010 വരെയുളളവരിൽ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടാത്തവരും പ്രൊമോഷൻ ലഭിക്കാത്ത എല്ലാവരുടെയും പേരുകൾ പ്രൊമോഷനുവേണ്ടിയുളള സെലക്റ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി 2013-ലെ ഡി.പി.സി യിൽ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്.

സീനയർ എ.എ/ടെസ്റ്റ് ബുക്ക് ഓഫീസർ

എഒ(പി.എഫ്) വിഭാഗത്തിൽ സർവ്വീസിലുളളവരിൽ ഇതുവരെ സെലക്ട് ലിസ്റ്റിൽ വരാത്തവരുടെയും പ്രൊമോഷൻ ലഭിക്കാത്തവരുടെയും പേരുകൾ 2013-ലെ ഡി.പി.സി യിൽ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്

ജീവനക്കാരൻ നിയമനം ലഭിച്ച തസ്തികയിലും തുടർന്ന് ഉദ്യോഗക്കയറ്റം ലഭിച്ച തസ്തികകളിലും നിർബന്ധമായും പ്രൊബേഷൻ ഡിക്ലയർ ചെയ്തിരിക്കണം. ഇപ്പോൾ ജോലി ചെയ്യുന്ന തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യാത്തവരെയും അച്ചടക്കനടപടി നേരിടുന്നവരെയും ഉദ്യോഗക്കയറ്റത്തിന് പരിഗണിക്കുകയില്ല. ജൂനിയർ സൂപ്രണ്ട് മുതൽ എ.എ വരെയുളള മിനിസ്റ്റീരിയൽ ഉദ്യോഗസ്ഥരും, എച്ച്.എസ്സ്. എ മുതൽ വിദ്യാഭ്യാസ ഉപഡയറക്ടർ വരെയുളള ടീച്ചിംഗ് ബ്രഞ്ച് ഉദ്യോഗസ്ഥരും അതാത് വർഷത്തെ സി.ആർ (31/12/2012 വരെ) വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ എത്തിച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്. ഹയർ സെക്കണ്ടറി വിഭാഗം ജീവനക്കാർ, ഹയർ സെക്കണ്ടറി ഡയറക്ടർ മുഖാന്തരം സി.ആർ സമർപ്പിക്കണം. ജോയിന്റ് ഡയറക്ടർ/കമ്മീഷണർ മുതൽ അഡീഷണൽ ഡയറക്ടർ, എ.ഒ.(പി.എഫ്), സീനിയർ എ.എ/ടെക്സ്റ്റ് ബുക്ക് ഒഫീസർ എന്നീ ഉദ്യോഗസ്ഥർ സി.ആർ റിവ്യൂ ചെയ്ത് (31/12/2012 വരെ) നേരിട്ട് ഡയറക്ട്രേറ്റിൽ എത്തിക്കേണ്ടതാണ്. 01/01/2010 മുതൽ 31/12/2012 വരെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കാത്ത ഉദ്യോഗസ്ഥരെ 2013 വർഷത്തിലുണ്ടാകുന്ന ഉദ്യോഗകയറ്റത്തിനു വേണ്ടി തയ്യാറാക്കുന്ന സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല. മേൽപ്പറഞ്ഞ കാര്യങ്ങൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർ ജില്ലയിൽ പ്രവർത്തിക്കുന്ന എല്ലാ സർക്കാർ ഹൈസ്കൂൾ/ ട്രെയിനിംഗ് സ്കൂൾ ഹെഡ്മാസ്റ്റർമാർ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ/ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ തുടങ്ങിയവരെ അറിയിക്കേണ്ടതാണ്. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജില്ലയ്ക്കകത്തും പുറത്തും ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരെ ഇക്കാര്യം അതാത് ഉപഡയറക്ടർമാർ രേഖാമൂലം അറിയിക്കേണ്ടതാണ്. കോൺഫിഡൻഷ്യൽ

റിപ്പോർട്ടുകൾ വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടുന്ന അവസാന തീയതി 15-01-2013. റിപ്പോർട്ടുകൾ ലോവർ (ടീച്ചിംഗ്-എച്ച്.എസ്.എമാർ, നോൺ ടീച്ചിംഗ്-ജൂനിയർ സൂപ്രണ്ടുമാർ) ഹയർ (ടീച്ചിംഗ്-എച്ച്.എം./എ.ഇ.ഒ തസ്തിക മുതൽ, നോൺ ടീച്ചിംഗ്-സീനിയർ സൂപ്രണ്ടുമുതൽ) പ്രത്യേകം തരം തിരിച്ച് സമർപ്പിക്കേണ്ടതാണ്. പൊതുവിദ്യാഭ്യാസ വകുപ്പിലെ ടീച്ചിംഗ്/മിനിസ്റ്റീരിയൽ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ലഭ്യമാണ്. കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ശേഖരിച്ചു വിശദമായി പരിശോധിച്ച ശേഷം മാത്രമേ വിദ്യാഭ്യാസ ഡയറക്ടർക്ക് അയക്കുവാൻ പാടുള്ളൂ.

ഡി.പി.സി കൂടുന്ന അവസരത്തിൽ അപ്പോൾ നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റുകൾ പ്രകാരമായിരിക്കും സെലക്റ്റ് ലിസ്റ്റ് പ്രമോഷനുവേണ്ടി തയ്യാറാക്കുന്നത്.

നിർദ്ദിഷ്ട തീയതി കഴിഞ്ഞ് ലഭിക്കുന്ന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നതിനു വേണ്ടി ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ അയക്കുമ്പോൾ അയക്കുന്ന ഉദ്യോഗസ്ഥരുടെയും 2013-ലെ ഡി.പി.സിയിൽ സമർപ്പിക്കാൻ ഉദ്ദേശിക്കുന്ന മേൽ പ്രസ്താവിച്ച ടീച്ചിംഗ് വിഭാഗത്തിലെയും മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെയും വിശദാംശങ്ങൾ ബന്ധപ്പെട്ടവരുടെ സേവന പുസ്തകങ്ങൾ പരിശോധിച്ച് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന പ്രൊഫോർമ 1 ഉം 2 ഉം പൂരിപ്പിച്ച് 15-01-2013-ന് മുമ്പായി ഡയറക്ട്രേറ്റിൽ പ്രത്യേക ദൂതൻ മുഖേന സമർപ്പിക്കണം. ഡി.പി.സിയെ സംബന്ധിച്ച വിഷയങ്ങൾ ഡയറക്ട്രേറ്റിലെ 'ഡി' സെക്ഷനിലാണ് കൈകാര്യം ചെയ്യുന്നത്.

ഫോൺ- 0471-2580512, dpidsection@gmail.com

സർക്കുലർ കൈപ്പറ്റിയ വിവരം മടക്കത്തപാലിൽ അറിയിക്കേണ്ടതാണ്.

ഒപ്പ്
എ.ഷാജഹാൻ, ഐ.എ.എസ്
പൊതു വിദ്യാഭ്യാസ ഡയറക്ടർ

// അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്.

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
എല്ലാ ഡയറ്റ് പ്രിൻസിപ്പാൾമാർക്കും
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്സ്.എസ്സ്.എ.ഭവൻ, നന്ദാവനം, പാളയം, തിരുവനന്തപുരം.
ജോയിന്റ് കമ്മീഷണർ, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം.

ടെക്സ്റ്റ് ബുക്ക് ഓഫീസർ, പത്മവിലാസം, ഫോർട്ട്, തിരുവനന്തപുരം.
സെൻട്രൽ ടെക്സ്റ്റ് ബുക്ക് സ്റ്റാൾ, തിരുവനന്തപുരം, എറണാകുളം, ഷൊർണ്ണൂർ
എസ്സ്.എസ്സ്.എ. ജില്ലാ പ്രോജക്റ്റ് ഓഫീസർ.

പകർപ്പ്

എൻട്രൻസ് എക്സാമിനേഷൻ കമ്മീഷണർ, ഹൗസിങ്ങ് ബോർഡ് ബിൽഡിങ്ങ്, തിരുവനന്തപുരം
ഡയറക്ടർ, ഹയർ സെക്കണ്ടറി ശാന്തിനഗർ, ഹൗസിങ്ങ് ബോർഡ് ബിൽഡിങ്ങ്, തിരുവനന്തപുരം

സി. എ-

വിദ്യാഭ്യാസ ഡയറക്ടർ, അഡീഷണൽ ഡയറക്ടർ (ജനറൽ/അക്കാഡമിക്), ജോയിന്റ് ഡയറക്ടർ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് അഫീസർ, സീനിയർ ഫിനാൻസ് ഓഫീസർ, സീനിയർ ലാ ആഫീസർ, ലെയ്സൺ, ഓഫീസർ, എല്ലാ ആഫീസർമാർക്കും, എല്ലാ സുപ്രണ്ട്മാർക്കും അറിവിലേക്കായി
സൂക്ഷിപ്പു ഫയൽ.